മലയാള മനോരമ

08 February 2024

# ട്രോളിങ് നിരോധനം കരിക്കാടിച്ചെമ്മീൻ സമ്പത്തിനു ഗുണകരം: സിഎംഎഫ്ആർഐ

കൊച്ചി ● മൺസൂൺ കാല ട്രോളിങ് നിരോധനം മൂലം കരിക്കാടി ചെമ്മീൻ മത്സ്യത്തൊഴിലാളികളുടെ പിടിവിട്ടു പോകുകയാണെന്ന ധാരണ തെറ്റാണെന്നും കടലിൽ ഈയിനം ചെമ്മീൻ സമ്പത്തിന്റെ സുസ്ഥിര വളർച്ചയ്ക്കു നിരോധനം ഗുണകരമാണെന്നും സിഎംഎഫ്ആർഐയുടെ പഠനത്തിൽ കണ്ടെത്തി.

ട്രോളിങ് നിരോധനം മൂലം പിടികൂടാതെ പോകുന്ന കരിക്കാടി ചെമ്മീൻ തീരക്കടലിൽ നിന്ന് ആഴക്കടലിലേക്കു നീങ്ങുന്നതിനാൽ എന്നന്നേക്കുമായി നഷ്ടപ്പെടുമെന്നായിരുന്നു മത്സ്യത്തൊഴിലാളികളുടെ ആശങ്ക. നിരോധനം നടപാക്കിയതിനെ തുടർന്നു ലഭ്യതയിൽ ഏറ്റക്കുറച്ചിലുണ്ടായതാണ് ഈ ധാരണയ്ക്ക് ഇടയാക്കിയത്. എന്നാൽ, മഴക്കാലത്ത് തീരക്കടലിൽ ഉപ്പിന്റെ അംശം കുറയുമ്പോൾ ആഴക്കടലിലേക്കു നീങ്ങാറുണ്ടെങ്കിലും പിന്നീട് ഉപ്പിന്റെ അളവ് അനുകൂലമാകുന്നതോടെ കരിക്കാടി ചെമ്മീൻ സമ്പത്തിന്റെ വലിയ ഭാഗം തീരക്കടലിലേക്കു തിരിച്ചെത്തുന്നതായി പഠനത്തിൽ കണ്ടെത്തി. ട്രോളിങ് നിരോധനത്തിനു ശേഷം ഓഗസ്റ്റ്–സെപ്റ്റംബർ മാസങ്ങളിൽ 50 മുതൽ 100 മീറ്റർ വരെ ആഴങ്ങളിൽ നിന്ന് ഇവയെ പിടിക്കാൻ സാധിക്കും. മഴക്കാലത്ത് തീരക്കടലിൽ ചെറിയ ഇനം ചെമ്മീനുകളാണുള്ളത്. ഈ സമയത്തെ മത്സ്യബന്ധന നിയന്ത്രണം ഇവയ്ക്കു വളർച്ച കൈവരിക്കാനും പ്രജനനത്തിനും സഹായകമാണ്.

അതിനാൽ ട്രോളിങ് നിരോധനം കരിക്കാടിച്ചെമ്മീൻ സമ്പത്തിനു ഗുണകരമാണെന്നാണു കണ്ടെത്തൽ. ട്രോൾ മത്സ്യത്തൊഴിലാളികൾ പ്രകടിപ്പിച്ച ആശങ്കയുടെ അടിസ്ഥാനത്തിലാണു പഠനം നടത്തിയതെന്ന് സിഎംഎഫ്ആർഐ ഷെൽ ഫിഷ് ഫിഷറീസ് ഡിവിഷൻ മേധാവി ഡോ. എ. പി. ദിനേശ് ബാബു പറഞ്ഞു. റീജനൽ സ്റ്റഡീസ് ഇൻ മറൈൻ സയൻസ് എന്ന ജേണലിൽ ഈ പഠനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.